തന്ത്രങ്ങൾ സ്വായത്തമാക്കുക, അതുവഴി സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാലയങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾ തുടങ്ങിയവയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ ഓരോ പോലീസ് ജില്ലയിലും 6 മുതൽ 10 വനിതാ പോലീസുകാർ ഉൾപ്പെടുന്ന ടീമിന് പരിശീലനം നൽകി 'റിസോഴ്സ് ടീം' എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

പോലീസ് കംപ്ലയിന്റ് അതോറിറ്റി

132 (4467) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകൃതമായശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അവയിൽ എത്രയെണ്ണത്തിൽ തീർപ്പുകൽപിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ നിലവിൽ വന്നതെന്നാണ് ; അതിനുശേഷം ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചിട്ടുണ്ടെന്നും, എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പരാതികൾ തീർപ്പു കൽപ്പിക്കാൻ കാലതാമസം വരുത്തി പോലീസ് ഉദ്യോഗസ്ഥൻമാരെ രക്ഷപ്പെടുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ; ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുമോ ?

ഉത്തരം

(എ & ബി) 24-8-2007-ലെ 52673/ഇ 1/07/ആഭ്യന്തരം നമ്പർ സർക്കുലർ പ്രകാരമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റി നിലവിൽ വന്നത്. പരാതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി

പരാതി ലഭിച്ചത്	1699
തീർപ്പ് കൽപ്പിച്ചത്	1273

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി

	പരാതി ലഭിച്ച്	തീർപ്പ് കൽപ്പിച്ചത്
തിരുവനന്തപുരം	328	68
കൊല്ലം	772	85
ആലപ്പുഴ	553	135
പത്തനംതിട്ട	110	56
കോട്ടയം	227	159
എറണാകുളം	590	27
ഇടുക്കി	148	48
തൃശ്ശൂർ	406	237
മലപ്പുറം	248	177
വയനാട്	98	69
പാലക്കാട്	196	118
കോഴിക്കോട്	77	9
കണ്ണൂർ	108	33
കാസർഗോഡ്	90	59

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സൈബർ സ്റ്റേഷനുകൾ

133 (4468) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സൈബർ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഈ സ്റ്റേഷനുകളിലെല്ലാം കൂടി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; ഇതിൽ 18 വയസ്സിൽ താഴെയുള്ള എത്ര കുട്ടികൾ കേസിൽ ഉൾപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly